**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5585** **24-03-2025 - ൽ മറുപടിയ്ക്ക്**

**മറവി രോഗബാധിതരുടെ എണ്ണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ സംസ്ഥാനത്ത് ഓരോ വർഷവും റിപ്പോർട്ട് ചെയ്യപ്പെട്ട മറവി രോഗബാധിതരുടെ എണ്ണം എത്രയാണെന്ന് വ്യക്തമാക്കുമോ; പ്രത്യേക പരിചരണം ആവശ്യമുള്ള ഇത്തരം രോഗികളുടെ ചികിത്സയ്ക്കായി സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ നിലവിൽ എന്തൊക്കെ സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്; വിശദാംശം വ്യക്തമാക്കുമോ? | (എ) | **മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ സംസ്ഥാനത്ത് ഓരോ വർഷവും സംസ്ഥാന ആരോഗ്യ വകുപ്പിനു കീഴിലെ ആശുപത്രികളിൽ റിപ്പോർട്ട് ചെയ്യപ്പെട്ട മറവി രോഗബാധിതരുടെ എണ്ണം സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.**<br><br>**2016- 475 പേർ**<br><br>**2017 – 1047 പേർ**<br><br>**2018 – 1548 പേർ**<br><br>**2019 – 1847 പേർ**<br><br>**2020 – 1769 പേർ**<br><br>**2021 – 2002 പേർ**<br><br>**2022 – 2304 പേർ**<br><br>**20233 – 2763 പേർ**<br><br>**2024 – 3112 പേർ**<br><br>**2025 – 574 പേർ**<br><br>**മറവി രോഗബാധിതർക്കുള്ള ചികിത്സ ഡിമൻഷ്യാ ക്ലിനിക്കുകൾ മുഖേന നൽകി വരുന്നുണ്ട്. സർക്കാർ ആശുപത്രികളിൽ സൗജന്യ രോഗ നിർണ്ണയവും ചികിത്സയും തുടർ പരിചരണവും രോഗികളെ പരിചരിക്കുന്നവർക്കായി മാനസികാരോഗ്യ പിന്തുണയും സംശയനിവാരണവും നടത്തി വരുന്നുണ്ട്. ജില്ലയിലെ പ്രധാന മേജർ ആശുപത്രികളിൽ സൈക്യാട്രി വിഭാഗത്തിൽ ഒ.പി/ഐ.പി സംവിധാനവും നിലവിലുണ്ട്. ജില്ലകളിലെ സമഗ്ര മാനസികാരോഗ്യ പരിപാടിയുടെ കീഴിൽ ഇവർക്ക് വിവിധ സേവനങ്ങൾ നൽകി വരുന്നുണ്ട്.** |

| | | | |
|---|---|---|---|
| | | | **മറവി രോഗം ബാധിച്ച രോഗികൾക്ക് മെഡിക്കൽ കോളേജുകളിലെ ഒ.പി യിൽ ചികിത്സയും പ്രത്യേക പരിചരണം ആവശ്യമുള്ള രോഗികൾക്കാവശ്യമായ പരിശോധനകളായ CT Scan, MRI, EEG, SSEP, LP, CSF Study, blood test എന്നിവ നടത്തി രോഗനിർണ്ണയം നടത്തുകയും ആവശ്യമെങ്കിൽ ആശുപത്രിയിൽ കിടത്തി ചികിത്സ നൽകുകയും ചെയ്യുന്നു. മറവി രോഗബാധിതർക്കായി (ഡിമെൻഷ്യ, അൽഷിമേഴ്സ്) നൂതന ചികിത്സാ രീതി, ക്യൂബയുമായി സഹകരിച്ചു കൊണ്ട്, തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ആരംഭിക്കുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ട്.** |

സെക്ഷൻ ഓഫീസർ